പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തൊമ്പതാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009)-യുടെ രണ്ടാമത് റിപ്പോർട്ടിലെ (പെരിയാർ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തൊമ്പതാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009)-യുടെ രണ്ടാമത് റിപ്പോർട്ടിലെ (പെരിയാർ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

337/2016.

## ഉള്ളടക്കം


| | | | | |
|---|---|---|---|---|
| | | | | പേജ് |
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

കേരളത്തിലെ പ്രധാന നദികളിലൊന്നായ പെരിയാർ മലിനീകരിക്കപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് സമിതിക്ക് നിരവധി പരാതികൾ ലഭിച്ചിരുന്നു. പ്രധാനമായും പെരിയാറിന്റെ തീരപ്രദേശത്തുള്ള വ്യവസായശാലകളിൽ നിന്നുമുള്ള മാലിന്യങ്ങളും നഗരമാലിന്യങ്ങളുമാണ് പെരിയാറിനെ ഈ അപകടകരമായ സ്ഥിതിയിലെത്തിച്ചിരിക്കുന്നത്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇത് സംബന്ധിച്ച് സമിതി (2006-2009) വിശദമായ പഠനം നടത്തുകയും മലിനീകരണത്തിന് വിധേയമായ പ്രദേശങ്ങൾ സന്ദർശിക്കുകയും പൊതുജനങ്ങളിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. അപ്രകാരം സമിതി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 25-7-2007-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. സമിതി (2006-2009)യുടെ രണ്ടാമത് റിപ്പോർട്ടിൽ ആകെ 52 ശിപാർശ കളാണുണ്ടായിരുന്നത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 1-10-2007-ൽ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. തുടർന്ന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1 (ഖണ്ഡിക 10)

പെരിയാർ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾക്കായി വിവിധ സർക്കാർ വകുപ്പുകളുടെയും പരിസ്ഥിതി സംഘടനകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടുകൂടി പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുവാനുള്ള നിയമനിർമ്മാണം നടത്തണമെന്നും അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് എറണാകുളം ജില്ലയ്ക്ക് ലഭ്യമായിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ വകകൊള്ളിച്ചിട്ടുള്ള തുകയുടെ മൂന്നിൽ രണ്ട് ഭാഗം അതോറിറ്റിക്ക് നൽകണമെന്നും ഇത് റിവർ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രാരംഭ ഫണ്ടായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ജലവിഭവ (ഐ.ആർ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 26897/ഐ.ആർ3/2007/ജവിവ. തീയതി 4-8-2014)

2003-ലെ ജലസേചന ജലസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തി സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് 'നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേറ്റർ (ഭേദഗതി) ബില്ലിൽ വ്യവസ്ഥയുണ്ട്. നദികളിലെ മലിനീകരണം തടയുന്നതിനുള്ള വകുപ്പുകൾ പ്രസ്തുത ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബിൽ നമ്പർ 184 ആയി ഇത് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ആയത് നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ മാത്രമേ നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുവാനും ഇതിന്റെ കീഴിൽ 'പെരിയാർ നദീതട അതോറിറ്റി' രൂപീകരിക്കുവാനും കഴിയുകയുള്ളൂ.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49576/പി3/2015/റവ. തീയതി 11-8-2015)

സംസ്ഥാനത്തിലെ പ്രധാനപ്പെട്ട നദികളുടെ സംരക്ഷണത്തിനും സൗന്ദര്യവൽക്കരണത്തിനും വേണ്ടി 'പുഴ മുതൽ പുഴവരെ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നദീതീരങ്ങളിലെ കയ്യേറ്റം, അനധികൃത മണൽ കടത്ത്, മലിനീകരണം എന്നിവയ്ക്ക് വിരാമമിട്ട് നദീസംരക്ഷണം പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവയ്പാണെന്ന ബോധ്യം പ്രചരിപ്പിക്കുക എന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്. ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിൽ, വരട്ടാർ എന്നീ നദികളുടെ സംരക്ഷണവും സൗന്ദര്യവൽക്കരണവുമാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള നദികളെയും പുഴകളെയുംകൂടി സംരക്ഷിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി പെരിയാർ നദിയിലെ മലിനീകരണം നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. പെരിയാർ നദിയുടെ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾക്കായി പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നും അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിനായി എറണാകുളം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ മൂന്നിൽ രണ്ട് ഭാഗം അതോറിറ്റിക്ക് നൽകണമെന്നുമുള്ള സമിതിയുടെ ശിപാർശ നടപ്പിലാക്കുന്നതിന് നിലവിലെ നദീസംരക്ഷണ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 2 (ഖണ്ഡിക 30)

പെരിയാർ മലിനീകരണനിയന്ത്രണത്തിന് മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി മലിനീകരണനിയന്ത്രണ ബോർഡിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്നും അതുപോലെ, ഒരു വർക്ക് സ്റ്റഡി നടത്തിയിട്ട് പെരിയാർ മലിനീകരണനിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആവശ്യമെങ്കിൽ പരിസ്ഥിതി എഞ്ചിനീയർമാർ ഉൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16690/എ 3/2006/പരി. തീയതി 23-5-2009)

പെരിയാർ മലിനീകരണനിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന ജീവനക്കാരെ re-deployment ലൂടെ കണ്ടെത്തുവാൻ മലിനീകരണനിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3 (ഖണ്ഡിക 31)

പരിസ്ഥിതി സംബന്ധമായ കേസുകൾ സമയബന്ധിതമായി വിചാരണചെയ്ത് തീർക്കുന്നതിനായി പരിസ്ഥിതി കോടതികൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16690/എ 3/2006/പരി. തീയതി 23-5-2009)

മലിനീകരണനിയന്ത്രണ നിയമങ്ങളുടെ ലംഘനം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് മലിനീകരണനിയന്ത്രണ ബോർഡ് സർക്കാരിനോടും ഹൈക്കോടതിയോടും ശിപാർശ ചെയ്തിരുന്നു. പ്രത്യേകം കോടതികൾ സ്ഥാപിക്കാൻ മാത്രം കേസുകളുടെ ബാഹുല്യം സംസ്ഥാനത്ത് ഇല്ലായെന്ന് ഹൈക്കോടതി വിലയിരുത്തി. തൽക്കാലത്തേക്ക് ഏതാനും മജിസ്ട്രേറ്റ് കോടതികളെ ഭാഗികമായെങ്കിലും പരിസ്ഥിതി സംബന്ധ കേസുകൾക്കുള്ള

പ്രത്യേക കോടതികളായി വേർതിരിക്കണമെന്ന് (designate ചെയ്യണമെന്ന്) ബോർഡ് നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടന്നുവരികയാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 4 (ഖണ്ഡിക 32)

പെരിയാറിലെ ഏതെങ്കിലും പ്രദേശത്ത് നിറംമാറ്റമോ മറ്റേതെങ്കിലും മലിനീകരണ പ്രശ്നമോ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ മലിനീകരണനിയന്ത്രണ ബോർഡ് കുറച്ചുകൂടി ശുഷ്കാന്തിയോടെ ഉണർന്ന് പ്രവർത്തിക്കണമെന്നും മലിനീകരണത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയാതെ ബോർഡിലെ വിദഗ്ദ്ധർ ഒത്തുചേർന്ന് സൂചിന്തിതമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചുമതലപ്പെട്ട ഉന്നതോദ്യോഗസ്ഥർതന്നെ മാധ്യമങ്ങളിലൂടെ പ്രശ്നങ്ങളുടെ കാരണമെന്താണെന്ന് അറിയിച്ച് ജനങ്ങളിലെ ഭയവും ആശങ്കയും ഇല്ലാതാക്കാൻ ശ്രമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16690/എ 3/2006/പരി. തീയതി 23-5-2009)

പെരിയാറിലെ മലിനീകരണം തടയാൻ ഊന്നൽ നൽകിക്കൊണ്ട് ഏലൂർ-എയടാർ മേഖലയിലെ വ്യവസായശാലകളെ മാത്രം നിരീക്ഷിക്കാനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പ്രത്യേക ഓഫീസായ എൻവയോൺമെന്റൽ സർവൈലൻസ് സെന്റർ മലിനീകരണനിയന്ത്രണ ബോർഡ് സ്ഥാപിച്ചു. മഴക്കാലത്തും തൊട്ടുമുമ്പുള്ള സമയത്തും പെരിയാർ നദിക്കരയിൽ സ്ഥിതിചെയ്യുന്ന 4 വ്യവസായശാലകളിൽ നിന്നും നദിയിലേക്ക് മലിനവസ്തു ഒഴുക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ 24 മണിക്കൂറും നദീ നിരീക്ഷകരെ ബോർഡ് നിയമിച്ചു. പെരിയാർ നദീമലിനീകരണത്തിന്റെ വിവരം ലഭിച്ചാലുടൻ പരിശോധനകൾ നടത്താനുള്ള ക്രമീകരണങ്ങൾ ബോർഡിൽ സജ്ജമാണ്. ബോർഡ് നടത്തുന്ന പഠനങ്ങളുടെ വെളിച്ചത്തിലാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്.

(5-8-2009-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ല എന്ന് അഭിപ്രായപ്പെടുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരം

പാരിസ്ഥിതിക പ്രശ്നമോ ദുരന്തമോ ഉണ്ടാകുമ്പോൾ ജനങ്ങളുടെ ഭയവും ആശങ്കയും ഇല്ലാതാക്കാൻ ഉത്തരവാദിത്വത്തോടെ ബോർഡ് പ്രവർത്തിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ബോർഡ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന വ്യക്തമായ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 720/എ 3/2014/പരി. തീയതി 25-8-2014)

23-5-2009-ൽ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടതായി 2-11-2009-ലെ 2768/പരിസ്ഥിതി3/2008/ലെജി. നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. പാരിസ്ഥിതിക പ്രശ്നമോ ദുരന്തമോ ഉണ്ടാകുമ്പോൾ, ജനങ്ങളുടെ ഭയവും ആശങ്കയും ഇല്ലാതാക്കാൻ ബോർഡ് സ്വീകരിച്ച നടപടികളടങ്ങുന്ന വ്യക്തമായ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ മലിനീകരണനിയന്ത്രണ ബോർഡ് അറിയിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

പെരിയാറിൽ ഏതെങ്കിലും പ്രദേശത്ത് നിറംമാറ്റമോ മറ്റേതെങ്കിലും മലിനീകരണ പ്രശ്നമോ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ മലിനീകരണനിയന്ത്രണ ബോർഡ് കുറച്ചുകൂടി ശുഷ്കാന്തിയോടെ ഉണർന്ന് പ്രവർത്തിക്കണമെന്നും മലിനീകരണത്തെക്കുറിച്ച് വ്യക്തമായ അഭിപ്രായങ്ങൾ പറയാതെ ബോർഡിലെ വിദഗ്ദ്ധർ ഒത്തുചേർന്ന് സുചിന്തിതമായ പഠന റിപ്പോർട്ട് തയ്യാറാക്കണമെന്നും ശിപാർശയിൽ പറയുന്നു. ഈ നിർദ്ദേശം പൂർണ്ണമായും അംഗീകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. പെരിയാറിന്റെ ഇരുകരകളിലും നദി നിരീക്ഷണത്തിനായി ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് പെരിയാറിലേക്ക് ആരെങ്കിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നുണ്ടോ എന്നും സമീപമുള്ള കമ്പനികളിൽ നിന്ന് അനുവദനീയ ഡിസ്ചാർജ് പോയിന്റിൽ കൂടി അല്ലാതെ പെരിയാറിലേക്ക് ഡിസ്ചാർജ് ചെയ്യുന്നുണ്ടോ എന്നും നിരീക്ഷിക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കണ്ടിന്യുവസ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നദിയുടെ ഈ ഭാഗത്ത് അനുവദനീയ പരിധിയിൽ കൂടുതലായുള്ള ജല ഗുണനിലവാരം രേഖപ്പെടുത്തിയാൽ ഉടനെതന്നെ അതിന്റെ കാരണം ബോർഡുദ്യോഗസ്ഥർക്ക് നിരീക്ഷണ വിധേയമാക്കാനും കഴിയും.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5 (ഖണ്ഡിക 33)</u>

ഈ പ്രദേശത്തെ വ്യവസായശാലകൾ പുറത്തുവിടുന്ന പുകമൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നടപടി സ്വീകരിക്കണമെന്നും സമയാസമയങ്ങളിൽ വായുവിലെ മലിനീകരണം സംബന്ധിച്ച് പരിശോധന നടത്തി വായുവിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16690/എ 3/06/പരി. തീയതി 23-5-2009)

വായുമലിനീകരണം നിയന്ത്രിക്കാനായി വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരമുള്ള അനുമതി വ്യവസായങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. വ്യവസായശാലകൾ പുറന്തള്ളുന്ന പാഴ്‌വായുവിന്റെ സാമ്പിളുകൾ ബോർഡ് ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരവും ഉറപ്പുവരുത്താറുണ്ട്. അന്തരീക്ഷ ഗുണനിലവാര നിർണ്ണയ സ്റ്റേഷനുകൾ ഏർപ്പെടുത്തി അന്തരീക്ഷ വായുവിന്റെ ഗുണനിലവാരവും ബോർഡ് ഉറപ്പുവരുത്തി വരുന്നു. ഇതുകൂടാതെ അന്തരീക്ഷവായുവിന്റെ ഗുണനിലവാരം തുടർച്ചയായി അളന്ന് രേഖപ്പെടുത്തുന്നതിനായി ഒരു സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായും മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 6 (ഖണ്ഡിക 40)

പെരിയാറിന്റെ തീരത്തുള്ള അറവുശാലകൾ ആധുനീകരിക്കുകയും അവിടെ നിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും മാലിന്യസംസ്കരണത്തിനുള്ള സംവിധാനം നിർബന്ധമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടികൾ

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 56355/ഡിബി2/14/തസ്വഭവ. തീയതി 29-10-2014)

പെരിയാറിന്റെ തീരത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ അറവുശാലകൾ ആധുനീകരിക്കുന്നതിനും മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. അതിൻ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7 (ഖണ്ഡിക 41)

പുഴകളിലും തോടുകളിലും മാലിന്യം നിക്ഷേപിക്കുന്നവരെ പിടികൂടി ശിക്ഷിക്കാൻ പറ്റുന്നവിധം പ്രസ്തുത പ്രവൃത്തി cognizable offence ആക്കാനുള്ള നിയമ ഭേദഗതി പഞ്ചായത്ത് രാജ്/നഗരപാലിക ആക്ടിൽ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 11902/ആർ.ഡി1/08/തസ്വഭവ. തീയതി 14-6-2010)

ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന കുറ്റം കൊഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും പ്രസ്തുത കുറ്റം ചെയ്യുന്ന ഏതൊരാൾക്കും പതാനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും കേരള മുനിസിപ്പാലിറ്റി ആക്ടും കേരള പഞ്ചായത്ത് രാജ് ആക്ടും 2009-ലെ 30, 31 ആക്ടുകൾ പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോയി ഇപ്രകാരം നിക്ഷേപിക്കുന്ന വാഹനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്കോ, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനോ പിടിച്ചെടുക്കാവുന്നതും നടപടി പൂർത്തിയാക്കി സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും അതത് സംഗതിപോലെ വാഹനം കണ്ടുകെട്ടാവുന്നതുമോ വിട്ടുകൊടുക്കാവുന്നതുമോ ആണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനാവശ്യമായ വ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എസ്, 219 റ്റി, 219 യു, കേരള മുനിസിപ്പാലിറ്റി ആക്ട് 340 എ, 340 ബി എന്നീ വകുപ്പുകളിൽ ചേർത്താണ് ആക്ടുകൾ ഭേദഗതി ചെയ്തിരിക്കുന്നത്.

(31-10-2012-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

പുഴകളിലും തോടുകളിലും മാലിന്യം നിക്ഷേപിക്കുന്നത് cognizable offence ആക്കി മാറ്റിയതിനുശേഷം ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഇത്തരത്തിലുള്ള

എത്ര കേസുകളെടുത്തിട്ടുണ്ട് ? അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ? റിവർ മാനേജ്മെന്റ് ഫണ്ടിൽ ഓരോ പഞ്ചായത്തിനും, മുനിസിപ്പാലിറ്റിക്കും, കോർപ്പറേഷനും ഇതുവരെ എത്ര തുക ലഭിച്ചു ? അത് എങ്ങനെ ചെലവാക്കി? ബാലൻസ് എത്ര ?

<u>സർക്കാർ നൽകിയ അധികവിവരം</u>

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62371/ആർ.ഡി1/12/തസ്വഭവ. തീയതി 29-7-2015)

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ 30 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. തിരുവനന്തപുരം-5 (വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ 5 കേസുകൾ കോടതിയുടെ പരിഗണനയിലാണ്)

2. കൊല്ലം-1 (തെന്മല ഗ്രാമപഞ്ചായത്തിലെ കേസ് കോടതിയുടെ പരിഗണനയിലാണ്)

3. എറണാകുളം-24 (ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 14 കേസുകളും ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ 10 കേസുകളും കോടതിയുടെ പരിഗണനയിലാണ്)

കോതമംഗലം നഗരസഭ 36 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കോഴിക്കോട് നഗരസഭ 50 കേസ്സുകളും ചെങ്ങന്നൂർ നഗരസഭ 28 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊയിലാണ്ടി നഗരസഭ 2,500 രൂപയും മൂവാറ്റുപുഴ നഗരസഭ 20,000 രൂപയും പിഴ ചുമത്തിയിട്ടുണ്ട്.

കാസർഗോഡ് നഗരസഭയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 30,22,000 രൂപ ലഭിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിൽ 3,37,320 രൂപയും തൃശ്ശൂർ നഗരസഭയിൽ 21,47,000 രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ ലഭിച്ചിട്ടുണ്ട്.

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ 2012-ലെ ചട്ടം 22 പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരണവും വിനിയോഗവും അതത് ജില്ലാ കളക്ടർമാരുടെ ചുമതലയിലാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 8 (ഖണ്ഡിക 42)</u>

പെരിയാറിന്റെ തീരത്തുള്ള മലിനീകരണ സാധ്യതയുള്ള വ്യവസായങ്ങൾക്കും ഹോട്ടലുകൾക്കും ആശുപത്രികൾക്കും മറ്റു ബഹുനില കെട്ടിടങ്ങൾക്കും ലൈസൻസ് നൽകുന്നതിനുമുമ്പ് മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി നിഷ്കർഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 11888/ആർ.സി3/08/ത.സ്വ.ഭ.വ. തീയതി 30-10-2008)

പെരിയാറിന്റെ തീരത്തുള്ള മലിനീകരണ സാധ്യതയുള്ള വ്യവസായങ്ങൾക്കും ഹോട്ടലുകൾക്കും ആശുപത്രികൾക്കും മറ്റ് ബഹുനില കെട്ടിടങ്ങൾക്കും ലൈസൻസ് നൽകുന്നതിനുമുമ്പായി സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങണമെന്ന് Water (Prevention and Control of Pollution) Act, 1974 പ്രകാരം നിഷ്കർഷിക്കുന്നുണ്ട്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 9 (ഖണ്ഡിക 43)</u>

വ്യവസായമേഖലയിലും സമീപത്തുള്ള പെരിയാർ തീരത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളിൽനിന്ന് ഇപ്രകാരം മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയുന്നതിനും വീടുകളിൽ നിന്നും പെരിയാറിലേക്ക് സ്ഥാപിച്ചിരിക്കുന്ന മാലിന്യ നിർഗ്ഗമന കുഴലുകൾ കണ്ടെത്തി നീക്കം ചെയ്യുന്നതിനും പെരിയാറിലും അതിന്റെ കൈവഴികളിലും മാലിന്യങ്ങളും കെട്ടിടനിർമ്മാണ അവശിഷ്ടങ്ങളും നിക്ഷേപിക്കുന്നത് തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 55894/ഡിസി1/14/തസ്വഭവ. തീയതി 3-8-2015)

പെരിയാറിന്റെ തീരത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കണമെന്നും ചീഞ്ഞളിയുന്ന മാലിന്യങ്ങൾ (Biodegradable) ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് ഉയർന്ന സബ്സിഡിയോട് കൂടിയുള്ള പ്രോത്സാഹനം നൽകിവരുന്നു. ഇതുവഴി മാലിന്യം ജലാശയങ്ങളിലേക്കും തുറന്ന സ്ഥലങ്ങളിലേക്കും തള്ളുന്നത് തടയാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. വീടുകളിലെ മലിനജലം പുറത്തേക്കൊഴുക്കാതെ വീടുകളിൽതന്നെ നിർമ്മാർജ്ജനം ചെയ്യാനുള്ള നിബന്ധന വീടുകളും സ്ഥാപനങ്ങളും നടപ്പിലാക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

പെരിയാറിന്റെ തീരത്തുള്ള വ്യവസായശാലകളിൽ നിന്നുള്ള ദ്രവമാലിന്യങ്ങൾ വേണ്ടതായ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തി ശുദ്ധീകരിച്ച്

മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാര പരിധി പാലിച്ച് മാത്രമേ പെരിയാറിലേക്ക് ഒഴുക്കിവിടാവൂ എന്ന് ബോർഡ് എല്ലാ വ്യവസായശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നുണ്ടോ എന്ന് ബോർഡ് ഇടയ്ക്കിടയ്ക്ക് വ്യവസായശാലകളിൽ നിന്നുള്ള ജലസാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. അനുവദനീയമായ പരിധി പാലിക്കാത്ത വ്യവസായശാലകൾക്കെതിരെ ബോർഡ് അടച്ചുപൂട്ടൽ നടപടി ഉൾപ്പെടെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. പെരിയാറിലേക്ക് മാലിന്യം നിക്ഷേപിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും നദിക്കരയിലുള്ള വ്യവസായശാലകൾ അനധികൃത ഔട്ട്ലെറ്റുകൾ വഴി പാഴ്ജലം നദിയിലേക്ക് കടത്തിവിടാറുണ്ടോ എന്നൊക്കെ നിരീക്ഷിക്കുവാൻ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നദിയിൽ ഏലൂർ മേഖലയിൽ കണ്ടിന്യുവസ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നദിയുടെ ഈ ഭാഗത്ത് ജലഗുണനിലവാരത്തിൽ അനുവദനീയമായ പരിധി ലംഘിക്കപ്പെട്ടാൽ ഉടൻ കാരണം കണ്ടെത്താൻ കഴിയുന്നു.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10 (ഖണ്ഡിക 44)</u>

പെരിയാറിന്റെ തീരത്തുള്ള പഞ്ചായത്തുകളിലേയും നഗരസഭകളിലേയും എല്ലാ വീടുകളിലും ഇപ്രകാരമുള്ള ബയോഗ്യാസ് സംവിധാനം ഏർപ്പെടുത്തണമെന്ന പ്രചരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തണമെന്നും ഒപ്പം അതിനൊരു മാതൃകയായി പ്രദേശത്തെ എല്ലാ പ്രധാന മാർക്കറ്റുകളിലും ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കണമെന്നും ആയതിലേക്കായി സർക്കാരിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റേയോ ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 55894/ഡി.സി1/14/തസ്വഭവ. തീയതി 3-8-2015)

പെരിയാറിന്റെ തീരത്തുള്ള പഞ്ചായത്തുകളിലും നഗരസഭകളിലും ഉറവിടമാലിന്യ സംസ്കരണവും വിവിധതരത്തിലുള്ള കമ്പോസ്റ്റ് സംവിധാനങ്ങളും പ്രോത്സാഹിപ്പിച്ചുവരുന്നു. പെരിയാറിന്റെ തീരം ഉൾപ്പെടെയുള്ള എല്ലാ നഗരസഭകളിലും ഉറവിടമാലിന്യ സംസ്കരണത്തിന്റെ (ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള) ഒന്നാംഘട്ട പദ്ധതിക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ കോതമംഗലം, ആലുവ, പെരുമ്പാവൂർ, കൊച്ചി നഗരസഭകൾ ഉൾക്കൊള്ളുന്നു.

ഇതു കൂടാതെ പെരിയാറിന്റെ തീരത്തുൾപ്പെടെയുള്ള 825 ഗ്രാമപഞ്ചായത്തുകൾക്ക് ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള ഒന്നാംഘട്ട പദ്ധതികളുള്ള സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും മാർക്കറ്റുകൾ, സ്കൂളുകൾ, അംഗൻവാടികൾ, ഓഫീസ് സമുച്ചയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾക്ക് അംഗീകാരവും സാമ്പത്തികസഹായവും ശുചിത്വ മിഷൻ വഴി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖരമാലിന്യം സംസ്കരിച്ച് അതിൽ നിന്നും വൈദ്യുതി ഉണ്ടാക്കാനുള്ള പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ കൊച്ചിയിലെ ബ്രഹ്മപുരത്ത് നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു. പ്രതിദിനം 300 ടൺ മാലിന്യം സംസ്കരിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി കൊച്ചി നഗരസഭയിലെയും 9 ഗ്രാമപഞ്ചായത്തുകളിലെയും മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സ്വകാര്യ പങ്കാളിത്തത്തോടെ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി.) വ്യവസ്ഥയോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതി വഴി പെരിയാറിന്റെ വൃഷ്ടിപ്രദേശത്ത് വരുന്ന പ്രദേശങ്ങളിലെ മാലിന്യ സംസ്കരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള സെപ്റ്റിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന സെപ്റ്റേജ് സംസ്കരിക്കാനുള്ള ഒരു മാതൃകാ പ്ലാന്റ് ബ്രഹ്മപുരത്ത് പണി പൂർത്തിയാക്കിവരുന്നു. വീടുകളിൽ നിന്നും സംസ്കരിക്കാതെ സെപ്റ്റേജ് മാലിന്യം പെരിയാറിലേക്കൊഴുക്കുന്നത് തടയാൻ ഈ സംവിധാനം നിലവിൽ വരുന്നതോടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11 (ഖണ്ഡിക 48)

മേല്പറഞ്ഞ പ്രദേശത്ത് (മലയാറ്റൂർ മുതൽ താഴേക്കുള്ള പ്രദേശം) മണൽവാരൽ ഒരു നിശ്ചിത കാലയളവിലേക്ക് നിരോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49576/പി3/15/റവ. തീയതി 11-8-2015)

പെരിയാറിൽ നിന്നും നിലവിൽ മണൽ ഖനനത്തിന് അനുമതിയൊന്നും നൽകിയിട്ടില്ല. പെരിയാർ നദിയിലെ മണലിന്റെ ലഭ്യതയെപ്പറ്റി Centre for Socio Economic and Environmental Studies (CSES) പഠനം നടത്തി ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (എംഎസ്.) 232/15/റവ. തീയതി 6-6-2015

പ്രകാരം ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മണൽ ഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാണ്. ജൂൺ 30-ാം തീയതി മുതൽ മൺസൂൺ പ്രമാണിച്ച് മണൽവാരൽ നിരോധനം ജില്ലയിൽ തുടർന്നു വരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 12 (ഖണ്ഡിക 49)</u>

പെരിയാറിലെ അനധികൃത മണൽവാരലിനെതിരായ നിതാന്ത ജാഗ്രത പുലർത്തുവാനായി വാഹനങ്ങളുടെ അപര്യാപ്തത ഉണ്ടാവാതിരിക്കുവാൻ ആവശ്യമായ വാഹനങ്ങൾ റവന്യൂ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49576/പി3/15/റവ. തീയതി 11-8-2015)

പെരിയാറിലെ അനധികൃത മണൽവാരലിനെതിരെ നിതാന്ത ജാഗ്രത പുലർത്തുന്നതിന്റെ ഭാഗമായി സ്ക്വാഡുകൾ രൂപീകരിച്ച് നിരീക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ജില്ലയ്ക്ക് പുതിയതായി 7 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 13 (ഖണ്ഡിക 50)</u>

നിരന്തരമായ മണൽവാരൽമൂലം കാലടി ശ്രീ ശങ്കര പാലത്തിന്റെ ഫൗണ്ടേഷന് കേട് സംഭവിക്കുന്നതിനാൽ അവിടെ മണൽവാരൽ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49576/പി3/15/റവ. തീയതി 11-8-2015)

നിലവിൽ പെരിയാറിൽ മണൽവാരൽ നടക്കുന്നില്ല. കാലടി ശ്രീ ശങ്കര പാലത്തിന് സമീപപ്രദേശങ്ങളിലൊന്നും മണൽ കടവുകൾക്ക് അനുമതി നൽകിയിട്ടുള്ളതല്ല. അനധികൃത മണൽവാരൽ തടയുന്നതിന് അതികർശനമായ നിരീക്ഷണ സംവിധാനങ്ങൾ ജില്ലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 14 (ഖണ്ഡിക 51)

പെരിയാറിന്റെ തീരത്തുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സോഷ്യൽ ഫോറസ്ട്രിയുമായി യോജിച്ച് അവിടെ മുളയും കണ്ടൽക്കാടുകളും വച്ചുപിടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4818/ഇ 1/09/വനം തീയതി 30-5-2011)

പരിസ്ഥിതി സമിതി ശിപാർശ പ്രകാരം മണ്ണൊലിപ്പ് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ പെരിയാറിന്റെ ഇരുവശവും ജലലഭ്യതയ്ക്ക് സഹായിക്കുന്നതും പെട്ടെന്ന് വളരുന്ന തരത്തിലുള്ളതുമായ 500 മുള തൈകൾ മലയാറ്റൂർ, നീലേശ്വരം ഗ്രാമപഞ്ചായത്തുകൾ മഴക്കാലത്ത് പെരിയാറിന്റെ തീരത്ത് വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പുതിയ ഭരണ സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ പുതിയ ഭരണ സമിതിയുമായി ബന്ധപ്പെട്ട് അടുത്ത പ്ലാന്റിംഗ് സീസണിൽ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 375/ഇ 1/14/വനം തീയതി 3-12-2014)

പെരിയാർ സംരക്ഷണത്തിനായി മലയാറ്റൂർ ഡിവിഷന്റെ കീഴിൽ NAP (National Afforestation Programme) പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. NAP 2007-08 മുതൽ മലയാറ്റൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖാന്തിരം പ്രവർത്തനങ്ങൾ നടത്തിവരുന്നു. എ.എൻ.ആർ., എ.ആർ., മുളകൃഷി, Cane planting, ഔഷധ സസ്യപരിപാലനം എന്നിവ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിവരുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49576/പി3/15/റവ. തീയതി 11-8-2015)

സംസ്ഥാനത്തിലെ പ്രധാനപ്പെട്ട നദികളുടെ സംരക്ഷണത്തിനും സൗന്ദര്യവൽക്കരണ ത്തിനും വേണ്ടി 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ

ഭാരതപ്പുഴ, അച്ചൻകോവിലാർ, വരട്ടാർ എന്നീ നദികളുടെ ഇരുകരകളിലും മുളകളും വള്ളിച്ചെടികളും നട്ടുവളർത്തി നദീതീരം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള നദികളെയും പുഴകളെയുംകൂടി സംരക്ഷിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി പെരിയാറിന്റെ തീരത്തുള്ള അനധികൃത കയ്യേറ്റങ്ങൾ നിയന്ത്രിക്കുന്നതിനും നദീതീര സൗന്ദര്യവൽക്കരണത്തിനും സാദ്ധ്യമാകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 15</u>

പരുന്തുറാഞ്ചി മണൽപ്പുറത്തുള്ള മണൽവാരൽ തടയുന്നതിനായി പെരിയാർ തീരത്തുള്ള പട്രോളിംഗ് ശക്തമാക്കണമെന്നും പരുന്തുറാഞ്ചി മണൽപ്പുറം ടൂറിസ്റ്റ് കേന്ദ്രമാക്കി സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49576/പി3/15/റവ. തീയതി 11-8-2015)

പരുന്തുറാഞ്ചി മണൽപ്പുറം അടക്കം ജില്ലയിൽ എവിടെയും അനധികൃത മണൽവാരൽ തടയുന്നതിനായി പോലീസ്, റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 16 (ഖണ്ഡിക 57)</u>

മലിനീകരണനിയന്ത്രണ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ വ്യവസായശാലകൾക്ക് ഇപ്പോൾ നൽകിവരുന്ന സബ്സിഡി നിർത്തലാക്കരുതെന്നും പ്രസ്തുത സബ്സിഡി ഇനി തുടങ്ങാൻ പോകുന്ന വ്യവസായശാലകൾക്കും നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31771/എഫ്2/12/വ്യവ. തീയതി 19-12-2012)

ജി.ഒ. (എംഎസ്.)92/2000/ഐ.ഡി. തീയതി 11-7-2000 അനുസരിച്ച് 23-9-1991-ന് ശേഷം വ്യവസായശാലകളിലെ മലിനീകരണം നിയന്ത്രണവിധേയമാക്കുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തുന്നതിനായി 15% മൂലധന സബ്സിഡി പരമാവധി 5,00,000 രൂപ വരെ നൽകിവരുന്നു. പ്രസ്തുത സബ്സിഡി 1-4-2012 മുതൽ പ്രാബല്യത്തിൽ വരുന്ന Entrepreneur Support Scheme-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ഥാപനത്തിന് ആവശ്യമെന്ന് ചാർട്ടേർഡ് അക്കൗണ്ടന്റ് സർട്ടിഫൈ ചെയ്യുന്ന മാലിന്യനിയന്ത്രണ ഉപകരണങ്ങൾക്ക് ആയത് ഇൻസ്റ്റാൾ ചെയ്യാൻ വേണ്ടിവരുന്ന ചെലവ് ചാർട്ടേർഡ് എഞ്ചിനീയർ സർട്ടിഫൈ ചെയ്യുന്ന തുകയും ചേർത്ത് പരമാവധി 5 ലക്ഷം രൂപ നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(29-5-2013-ലെ സമിതിയോഗം പരിഗണിക്കുകയും പരിസ്ഥിതി വകുപ്പിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.)

**(ബി) പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 720/എ 3/14/പരി. തീയതി 25-8-2014)

മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നും നിലവിൽ ഇത്തരം സബ്സിഡി നൽകിവരുന്നില്ല. ടി വിഷയം ബോർഡിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല. കാര്യക്ഷമമായ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി വ്യവസായശാലയിൽ നിന്ന് പുറന്തള്ളുന്ന ശുദ്ധീകരിച്ച മലിനജലത്തിന്റെ ഗുണനിലവാരം അനുവദനീയ പരിധി നിലനിർത്തുന്ന വ്യവസായശാലകൾക്ക് water cess-ൽ ഇളവ് പ്രസ്തുത നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ (rebate) നൽകിവരുന്നുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 17 (ഖണ്ഡിക 58)</u>

വ്യവസായശാലകളിലെ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾക്ക് നൽകിവരുന്ന സബ്സിഡിക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31771/എഫ്2/12/വ്യവ. തീയതി 19-12-2012)

ESS പദ്ധതിക്കായി 2012-13 വർഷം 2540 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തേക്ക് 100 കോടി രൂപ വകയിരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(29-5-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 18 (ഖണ്ഡിക 59)</u>

നിർദ്ദിഷ്ട കോമൺ എഫ്ലൂവന്റ് പ്ലാന്റ് ഏലൂർ എടയാർമേഖലയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31771/എഫ്2/12/വ്യവ. തീയതി 19-12-2012)

പ്രസ്തുത വ്യവസായ മേഖലയിൽ നിർദ്ദിഷ്ട Common Effluent Treatment Plant (CETP) നിർമ്മിക്കുന്നതിനായി Indian Rare Earths (IRE)യുടെ അധീനതയിലുണ്ടായിരുന്ന 2.5 ഏക്കർ സ്ഥലം വ്യവസായ വകുപ്പിന് 16-4-2012-ലെ ജി.ഒ. (എംഎസ്.) 152/12/റവന്യൂ പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും കളക്ടറുടെ ഓഫീസിൽ നിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതിന് നോർത്ത് പറവൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് പ്രോജക്ട് അടിയന്തരമായി നടപ്പിൽ വരുത്തുന്നതിന് Special Purpose Vehicle-ന്റെ ഒരു പ്രത്യേക മീറ്റിംഗ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ കൂടുകയുണ്ടായി. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനായി Special Purpose Vehicle-ഉം ജില്ലാ വ്യവസായ കേന്ദ്രവും തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

(29-5-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 19 (ഖണ്ഡിക 60)</u>

വ്യവസായശാലകളിലെ മലിനീകരണനിയന്ത്രണ സംവിധാനങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ആലുവാ മേഖലയിലെ വ്യവസായശാലകളിലെല്ലാം പ്രത്യേക എനർജി മീറ്റർ സ്ഥാപിക്കണമെന്നും ഇക്കാര്യത്തിനായുള്ള വൈദ്യുത നിരക്കിൽ ഇളവ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31771/എഫ്2/12/വ്യവ. തീയതി 19-12-2012)

ഏലൂർ-എടയാർ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വ്യവസായശാലകളിൽ സ്ഥാപിച്ചിരിക്കുന്ന Effluent Treatment Plant-ന്റെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം എനർജി മീറ്ററുകൾ സ്ഥാപിക്കാൻ സംസ്ഥാന

മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയതനുസരിച്ച് വൻകിട-ഇടത്തരം വ്യവസായങ്ങൾ എനർജി മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. ടി മീറ്ററുകൾ ബോർഡുദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധിച്ച് അവയുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നുണ്ട്.

(29-5-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 20 (ഖണ്ഡിക 61)

ഏലൂർ-എടയാർ പ്രദേശത്ത് പെരിയാറിന്റെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന വ്യവസായ മേഖലയ്ക്ക് ചുറ്റും അതത് വ്യവസായ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയുടെ അതിർത്തികളിൽ ഗ്രീൻ ബെൽറ്റ് ഏർപ്പെടുത്തുന്ന നടപടി കാര്യക്ഷമമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ31771/എഫ്2/12/വ്യവസായം തീയതി 19-12-2012)

ഏലൂർ-എടയാർ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വ്യവസായശാലകളോട് ഗ്രീൻ ബെൽറ്റ് സ്ഥാപിക്കാൻ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിന്റെ നിർദ്ദേശമനുസരിച്ച് ഒട്ടുമിക്ക വ്യവസായശാലകളും അവയുടെ അതിർത്തികളിൽ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടിട്ടുണ്ട്.

(29-5-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 21 (ഖണ്ഡിക 68)

പരിസ്ഥിതി മലിനീകരണംമൂലം വ്യവസായ മേഖലകളിലും മറ്റുമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ ഒറ്റപ്പെട്ട സംഭവമായി കരുതി അവഗണിക്കാതെ അവയെക്കുറിച്ച് സമഗ്രമായ രീതിയിൽ പഠനം നടത്തണമെന്നും മാലിന്യവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾക്കുണ്ടാകുന്ന ജലജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളെക്കുറിച്ച് സ്ഥിതിവിവരം രേഖപ്പെടുത്തി ആരോഗ്യ വിദഗ്ദ്ധന്മാരുമായി ചർച്ച നടത്തുകയും വർഷത്തിലൊരിക്കലെങ്കിലും അപഗ്രഥനം നടത്തി രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 43675/ജി1/11/ആ.ക.വ. തീയതി 30-7-2015)

പെരിയാർ നദിയുടെ സമീപത്തുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലേയും മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ സൂപ്പർവൈസർമാർ അവരുടെ പ്രദേശത്തുള്ള ജലജന്യരോഗങ്ങളെക്കുറിച്ച് അതത് മാസം റിപ്പോർട്ട് ശേഖരിക്കുകയും അവലോകനം നടത്തുകയും രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 22 (ഖണ്ഡിക 69)</u>

പെരിയാറിന്റെ തീരം ഉൾപ്പെടുന്ന പഞ്ചായത്തുകളുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും കൂട്ടായി പ്രവർത്തിച്ച് പെരിയാറിലേക്ക് തുറന്നിരിക്കുന്ന ഡ്രെയിനേജ് ഔട്ട്ലെറ്റുകൾ അടയ്ക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും പകരം ആരോഗ്യകരമായ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 43675/ജി1/11/ആ.ക.വ. തീയതി 30-7-2015)

വരാപ്പുഴ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരാപ്പുഴ, കരുമാല്ലൂർ, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തുകളും ഏലൂർ മുനിസിപ്പാലിറ്റിയുമാണ് പെരിയാർ നദീതീര പ്രദേശങ്ങൾ.

<u>ഏലൂർ മുനിസിപ്പാലിറ്റി</u> : 11 വ്യവസായശാലകൾ പ്രവർത്തിക്കുന്നുണ്ട്. മുനിസിപ്പൽ പ്രദേശമായതിനാൽ മലിനീകരണം, പൊതുജനാരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല.

<u>കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്</u> : ചെറുതും വലുതുമായ 142 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പുഴമലിനീകരണവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തുന്നുണ്ട്. മലിനീകരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പിൽ നിന്നുമാണ് കക്കൂസ് മാലിന്യം പുഴയിലേക്ക് നേരിട്ട് ഒഴുക്കുന്നത്. ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ ക്യാമ്പ് ഒഴിപ്പിച്ച് മലിനീകരണം അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട് (2013 ഏപ്രിൽ).

കരുമാല്ലൂർ പഞ്ചായത്ത് പ്രദേശത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പിൽ നിന്നും മലിനീകരണം ഉണ്ടായിരുന്നു. ആയതിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

വരാപ്പുഴ ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ പാലത്തിൽനിന്ന് രാത്രികാലങ്ങളിൽ ജൈവമാലിന്യം വാഹനത്തിൽ കൊണ്ടുവന്ന് പുഴയിലേക്കൊഴുക്കുന്നതുകൊണ്ട് പോലീസ് പട്രോളിംഗ് നടത്തുന്നുണ്ടെന്നും വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങളില്ലെന്നും ഗാർഹിക മാലിന്യ നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്നറിയിച്ചിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 23 (ഖണ്ഡിക 70)</u>

പെരിയാറിന്റെ തീരത്തുള്ള വാസസ്ഥലങ്ങളിൽ നിന്നുള്ള വിസർജ്ജ്യവസ്തുക്കൾ നദീജലത്തിൽ കലർന്ന് കുടിവെള്ളം മലിനമാകുന്നതും ജലജന്യരോഗങ്ങൾ വരുന്നതും തടയുന്നതിനായി സേവ് പെരിയാർ കർമ്മ പദ്ധതി പൂർത്തിയാക്കുന്നതോടെ പെരിയാറിന്റെ തീരത്തുള്ള എല്ലാ വാസസ്ഥലങ്ങളിലും മതിയായ സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 43678/ജി1/11/ആ.ക.വ. തീയതി 30-7-2015)

സേവ് പെരിയാർ കർമ്മ പദ്ധതി നടന്നുവരുന്നു. മലിനീകരണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ജീവനക്കാർ, ആശാ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി സർവ്വേ നടത്തിവരുന്നുവെന്നും ശ്വാസകോശ രോഗങ്ങൾ അധികരിച്ചുകാണുന്നുവെന്നും ഏറ്റവും കൂടുതൽ മലിനീകരണമുള്ള കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, ഏലൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 24 (ഖണ്ഡിക 71)</u>

ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം നിലവിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനു മാത്രമേയുള്ളൂ എന്നതിനാൽ പെരിയാറിന്റെ

തീരത്തുള്ള ആശുപത്രികൾക്ക് പ്രത്യേകിച്ചും ആലുവ താലൂക്കാശുപത്രിക്കും പരിസരത്തുള്ള മറ്റ് സ്വകാര്യ/സർക്കാർ ആശുപത്രികൾക്കും ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിനായി ഐ.എം.എ.യുമായി കരാറിൽ ഏർപ്പെട്ട് ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിന് ശാശ്വതപരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 43678/ജി1/11/ആ.കു.വ. തീയതി 30-7-2015)

പെരിയാറിന്റെ തീരത്തുള്ള ആലുവ ആശുപത്രിയിൽ (ജില്ലാ ആശുപത്രി) നിലവിൽ ഐ.എം.എ.യുമായി സഹകരിച്ച് ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിച്ചുവരുന്നു. ഏലൂർ മുനിസിപ്പാലിറ്റിയിലെ സെന്റ് ജോസഫ് ആശുപത്രി, ബിനാനിപുരം പി.എച്ച്.സി. എന്നിവിടങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രി, കരുമാലൂർ, വരാപ്പുഴ പി.എച്ച്.സി. എന്നിവിടങ്ങളിൽ ബയോമെഡിക്കൽ വേസ്റ്റ് കത്തിച്ചുകളയുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. മേൽവിവരങ്ങൾ ബഹുമാനപ്പെട്ട സമിതിയെ അറിയിച്ചുകൊള്ളുന്നു.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 25 (ഖണ്ഡിക 76)

പെരിയാറിലെ മൽസ്യസമ്പത്ത് കുറയുന്നുവെന്നും ചത്തുപൊങ്ങുന്നുവെന്നും പരാതിയുണ്ടെങ്കിലും ഇത് സംബന്ധിച്ച് മൽസ്യബന്ധന വകുപ്പ് വ്യക്തമായ പഠനം നാളിതുവരെ നടത്തിയിട്ടില്ല.

കൊച്ചി സർവ്വകലാശാലയുടെ കീഴിലും കേന്ദ്ര സർക്കാരിന്റെ കീഴിലും പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിശദമായ പഠനം നടത്തണമെന്നും അടിയന്തരമായി പരിഹാര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 5803/സി1/2007/മതുവ. തീയതി 31-3-2010)

കേരള സർവ്വകലാശാലയുടെ കീഴിലുള്ള പനങ്ങാട് ഫിഷറീസ് കോളേജ് മുഖേന പഠനം നടത്തിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 26 (ഖണ്ഡിക 77)</u>

കേരളത്തിലെ മറ്റ് നദികളിലേതുപോലെ പെരിയാറിലും തോട്ടപൊട്ടിച്ചും രാസവസ്തുക്കൾ കലക്കിയും മീൻപിടുത്തം നടത്താറുണ്ട്. അനുദിനം ജലസമ്പത്ത് കുറഞ്ഞുവരുന്ന കുടിവെള്ള സ്രോതസ്സിനെ നശിപ്പിക്കുന്ന ഈ പ്രവണത ഇല്ലാതാക്കുന്നതിനും ഇങ്ങനെ ചെയ്യുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും മത്സ്യബന്ധന വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 5803/സി1/2007/മതുവ. തീയതി 31-3-2010)

1950-ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറീസ് ആക്ട് പ്രകാരം ഉൾനാടൻ ജലാശയങ്ങളിൽ തോട്ടപൊട്ടിച്ചും വിഷം കലക്കിയും മത്സ്യബന്ധനം നടത്തുന്നതും മത്സ്യസമ്പത്ത് നശിപ്പിക്കുന്നതും കുറ്റകരവും രണ്ടുമാസംവരെ തടവ് ശിക്ഷയോ 1,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകാവുന്നതുമാണ്. ഉൾനാടൻ മത്സ്യമേഖലയുടെ സംരക്ഷണത്തിനും സുസ്ഥിര മത്സ്യബന്ധനത്തിനുംവേണ്ട സംഗതികൾ ഉൾപ്പെടുത്തി 2010-ലെ ഏകീകൃത ഉൾനാടൻ മത്സ്യബന്ധന ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിട്ടുണ്ട്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 27 (ഖണ്ഡിക 78)</u>

പെരിയാറിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യസാങ്ച്വറികൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 5803/സി1/2007/മതുവ. തീയതി 31-3-2010)

പെരിയാറിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കീഴ്മാട് പഞ്ചായത്തിലെ കിഴക്കുഭാഗം വരുന്ന പെരിയാറിൽ (വാർഡ് 1) പെരിച്ചിറ, Y.M.C.A. കടവിൽ മത്സ്യസാങ്ച്വറി തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച സമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 28 (ഖണ്ഡിക 85)

ഏലൂർ-എടയാർ മേഖലകളിൽ വ്യവസായിക മലിനീകരണംകൊണ്ട് വർഷങ്ങളായി കൃഷി ചെയ്യാതെ നശിച്ചുകിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റാനുള്ള പദ്ധതി തയ്യാറാക്കി അതിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**കൃഷി (കൃഷി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31141/എ.ജി1/2007/കൃഷി തീയതി 17-3-2008)

ഏലൂർ-എടയാർ മേഖലകളിൽ വ്യവസായിക മലിനീകരണംകൊണ്ട് വർഷങ്ങളായി കൃഷി ചെയ്യാതെ നശിച്ചുകിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റാനുള്ള പദ്ധതി തയ്യാറാക്കുന്നതിനും അന്തരീക്ഷ മലിനീകരണം തടയുന്നതിനും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഏലൂർ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 29 (ഖണ്ഡിക 86)

മലിനീകരണ വിപത്തുമൂലം മുടങ്ങിക്കിടക്കുന്ന പെരിയാർ ഏരിയായിലെ പൊക്കാളി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**കൃഷി (കൃഷി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31141/എ.ജി1/2007/കൃഷി തീയതി 17-3-2008)

മലിനീകരണ വിപത്തുമൂലം മുടങ്ങിക്കിടക്കുന്ന പൊക്കാളി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി കർഷകർക്ക് കൃഷി ഭവൻ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഫലമായി ആലങ്ങാട് ബ്ലോക്കതിർത്തിയിൽ വരാപ്പുഴ പഞ്ചായത്തിൽ 200 ഹെക്ടറിൽ പൊക്കാളി കൃഷി തുടർച്ചയായി ചെയ്യുന്നുണ്ട്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 30 (ഖണ്ഡിക 87)

പെരിയാർ തടത്തിൽ ജൈവകൃഷിക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നും മലിനീകരണമുണ്ടാക്കുന്ന രാസ/കീടനാശിനികളുടെ ഉപയോഗം കഴിയുന്നതും കുറയ്ക്കുന്നതിനായി കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) കൃഷി (കൃഷി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31141/എജി1/07/കൃഷി തീയതി 17-3-2008)

പെരിയാർ തടത്തിൽ മലിനീകരണമുണ്ടാകുന്നത് രാസകീടനാശിനികളേക്കാളുപരി അവിടെ പ്രവർത്തിക്കുന്ന വ്യവസായശാലകളിൽ നിന്നുള്ള രാസമാലിന്യങ്ങളാണ്. രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനായി കർഷകർക്ക് കൃഷി ഭവൻ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ജൈവകൃഷിക്ക് കൂടുതൽ പ്രോത്സാഹനവും നൽകുന്നുണ്ട്.

**(ബി) കൃഷി (പി.ബി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1735/പി.ബി1/08/കൃഷി തീയതി 23-4-2008)

പെരിയാർ തടത്തിലെ പാടങ്ങളിൽ കൃഷി ചെയ്യുമ്പോൾ രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിന് കർഷകന് കൃഷി ഭവൻ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇതിന്റെ ഫലമായി ജൈവകൃഷിക്ക് കൂടുതൽ പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 31 (ഖണ്ഡിക 88)

വ്യവസായശാലകളിൽ നിന്നുള്ള രാസമാലിന്യങ്ങൾ കലർന്നതുമൂലം ഏലൂർ-എടയാർ വ്യവസായ മേഖലയിലെയും പരിസര പ്രദേശങ്ങളിലേയും മണ്ണിന്റെ രാസഘടനതന്നെ മാറിപ്പോകുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണുപരിശോധന വിഭാഗം ഇത് സംബന്ധിച്ച് പഠനം നടത്തി അടിയന്തര പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി മണ്ണ് സംരക്ഷിക്കണമെന്നും കൃഷിക്ക് ഉപയുക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**കൃഷി (കൃഷി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31141/എജി1/07/കൃഷി തീയതി 17-3-2008)

വ്യവസായശാലകളിൽ നിന്നുള്ള രാസമാലിന്യങ്ങൾ മണ്ണിൽ കലർന്നതുമൂലം ഏലൂർ-എടയാർ മേഖലകളിലും പരിസര പ്രദേശങ്ങളിലും മണ്ണിന്റെ രാസഘടനയിൽവന്ന മാറ്റം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5-8-2009-ലെ സമിതിയോഗം പരിഗണിക്കുകയും ഏലൂർ-എടയാർ മേഖലകളിലെ ഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനും പൊക്കാളി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികളുടെ വിശദവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള സർക്കാർ മറുപടി</u>

## കൃഷി (പി. എ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 9578/പി.എ 3/08/കൃഷി തീയതി 7-2-2011)

പെരിയാർ മലിനീകരണംമൂലം ആലുവ ബ്ലോക്കിൽ പൊക്കാളി കൃഷി മുടങ്ങിയിട്ടില്ല. ഏലൂർ പഞ്ചായത്തിൽ ഇപ്പോൾ നെൽപ്പാടമായി 15 ഹെക്ടർ നിലം മാത്രമേ അവശേഷിക്കുന്നുള്ളൂ. ഏലൂർ വടക്കുംഭാഗം പാടശേഖരത്തിൽപ്പെട്ട 15 ഹെക്ടർ സ്ഥലത്ത് 1 ½ ഏക്കർ സ്ഥലത്ത് മാത്രമെ പൊക്കാളി നെൽകൃഷി നടക്കുന്നുള്ളൂ. ഇതിനുപുറമെ ഈ പ്രദേശത്ത് 2 ഹെക്ടർ സ്ഥലത്ത് പച്ചക്കറി, കപ്പ എന്നിവ കൃഷി ചെയ്യുന്നു. പാടശേഖരത്തിന്റെ മധ്യഭാഗത്തുള്ള തോട് ഒഴുക്ക് നിലച്ച നിലയിലായതിനാൽ പാടത്തിന്റെ ഭൂരിഭാഗവും ചതുപ്പുനിലമായി കിടക്കുകയാണ്. എൻ.ആർ.ഇ.ജി.ഇ.എ. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തോട് വൃത്തിയാക്കുന്നതിനുള്ള നടപടികൾ ഏലൂർ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

2008 ഒക്ടോബർ മാസം 23-ാം തീയതിയിലെ പത്രവാർത്തകൾ പ്രകാരം ഏലൂർ-എടയാർ മേഖലകളിലെ 1½ മീറ്റർ വരുന്ന മേൽമണ്ണ് ഡി.ഡി.റ്റി, എൻഡോസൾഫാൻ, മെർക്കുറി, ലെഡ് തുടങ്ങിയ രാസപദാർത്ഥങ്ങൾമൂലം വിഷലിപ്തമാണെന്നുള്ള വിവരം കർഷകരിൽ ഭീതിയുണ്ടാക്കി. സോയിൽ സർവ്വേ വകുപ്പ് ദക്ഷിണമേഖല മണ്ണുസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഏലൂർ-എടയാർ മേഖലയിൽ നടത്തിയ പഠനത്തിൽ കടുങ്ങല്ലൂർ പഞ്ചായത്തിലെ ഏകദേശം 350 ഏക്കർ വരുന്ന എടയാറ്റുചാൽ പാടശേഖരത്തിൽ എടയാർ ഭാഗവും അനുബന്ധ പ്രദേശങ്ങളും കമ്പനികളിൽ നിന്നുള്ള രാസപദാർത്ഥങ്ങൾ ചേർന്ന് മലിനജലം ഒഴുക്കിവിടുന്നതുകൊണ്ട് മണ്ണിന് രാസമാറ്റം സംഭവിക്കുകയും കൃഷിക്കോ മറ്റുപയോഗങ്ങൾക്കോ കുടിവെള്ളത്തിനുപോലുമോ ഉപകരിക്കാത്തവിധം ഉപയോഗശൂന്യമായി കിടക്കുകയാണെന്നും മുമ്പുവരെ കൃഷി നടത്തിവന്നിരുന്ന ഈ പാടശേഖരം ഏകദേശം പതിനഞ്ച് വർഷത്തോളമായി കൃഷി ചെയ്യാൻ പറ്റാത്തവിധം തരിശായി മാലിന്യകൂമ്പാരമായി കിടക്കുകയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ പാടശേഖരത്തിന്റെ പ്രധാന ജലസ്രോതസ്സായ കല്ലുതോട് കമ്പനി മാലിന്യങ്ങൾ അടിഞ്ഞുകിടക്കുന്നതുകൊണ്ട് ജലസേചനത്തിന് ഉപയുക്തമാക്കാൻ സാധിക്കുന്നില്ല.

ഈ പാടശേഖരത്തിന്റെ സമീപത്തുള്ള കിണറുകളിലെ ജലം ഉപയോഗയോഗ്യമല്ല. വേനൽക്കാലത്ത് വെള്ളത്തിന് രൂക്ഷഗന്ധവും മഞ്ഞ നിറത്തിലുള്ള എണ്ണപ്പാടയും ജലോപരിതലത്തിൽ കാണപ്പെടുന്നു.

ഏലൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കമ്പനികളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളാണ് കൂടുതലും രാസഭൗതിക മാറ്റങ്ങൾക്ക് വഴിവച്ചിട്ടുള്ളത്. ഇവിടെ ഏകദേശം 50 ഹെക്ടർ വരുന്ന ഏലൂർ വടക്കുംഭാഗം പാടശേഖരം കേന്ദ്രീകരിച്ചാണ് പഠനം നടത്തുകയും മണ്ണിനുണ്ടായ രാസ ഭൗതിക മാറ്റങ്ങൾ പരിശോധിക്കുന്നതിനായി മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തത്. ഈ പാടശേഖരത്തിൽ ഏകദേശം 2 ഹെക്ടറിൽ മാത്രമെ നെൽകൃഷിയുള്ളൂ. ഈ പാടശേഖരത്തിന്റെ പ്രധാന ജലസ്രോതസ്സായ കഴികണ്ടം തോടുവഴി കമ്പനി മാലിന്യങ്ങൾ ഒഴുക്കിവിടുന്നതിനാൽ അതിനുതാഴെയുള്ള പ്രദേശങ്ങൾ കൃഷിക്ക് അനുയോജ്യമല്ല.

എടയാറ്റുചാൽ പാടശേഖരത്തിൽനിന്നു ശേഖരിച്ച 12 സാമ്പിളുകളും ഏലൂർ വടക്കുംഭാഗം പാടശേഖരത്തിൽ നിന്നും ശേഖരിച്ച 10 സാമ്പിളുകളും തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ രാസഭൗതിക പരിശോധനകൾ നടത്തി.

പ്രസ്തുത സാമ്പിളുകളിൽ ഘനലോഹങ്ങളായ ലെഡ്, ക്രോമിയം, കാഡ്മിയം, നിക്കൽ, കോപ്പർ, സിങ്ക് എന്നിവയുടെ അംശം കാണപ്പെടുന്നതായും പ്രസ്തുത മേഖലയിൽനിന്ന് ശേഖരിച്ച ചില സാമ്പിളുകളിൽ ചെമ്പ്, ക്രോമിയം എന്നിവയുടെ അളവ് കൃഷിഭൂമിയിൽ അനുവദനീയമായ തോതിലും കൂടിയ അളവിൽ കാണപ്പെടുന്നതായും മണ്ണ് പരിശോധനാ റിപ്പോർട്ടിൽ കാണപ്പെടുന്നു. പ്രസ്തുത പ്രദേശത്തുനിന്നു ശേഖരിച്ച സാമ്പിളുകൾ കടുത്ത അമ്ലസ്വഭാവം കാണിക്കുന്നു. ഈ പ്രദേശങ്ങളിലേക്ക് ഇപ്പോഴും ഫാക്ടറികളിൽ നിന്നും മലിനജലം ഒഴുക്കി വിടുന്നതിനാൽ മലിനീകരണത്തിന്റെ രൂക്ഷത ഇനിയും വർദ്ധിക്കാനാണ് സാധ്യത.

പ്രസ്തുത മേഖലയിൽനിന്ന് ശേഖരിച്ച ജലസാമ്പിളുകൾ പരിശോധിക്കണമെന്ന് മലിനീകരണനിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പരിശോധന നടത്താൻ കഴിയില്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ഇക്കാര്യത്തിൽ മലിനീകരണനിയന്ത്രണ ബോർഡ് ആണ് നടപടികൾ സ്വീകരിക്കേണ്ടതെന്നതിനാൽ സമിതിയുടെ ശിപാർശകൾ ബോർഡിന്റെ ഭരണനിയന്ത്രണമുള്ള ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 32 (ഖണ്ഡിക 96)

പെരിയാർ നദി മൂന്നാർ ഡിവിഷനിൽ 24 കിലോമീറ്ററും മലയാറ്റൂർ ഡിവിഷനിൽ 30 കിലോമീറ്ററും കോട്ടയം ഡിവിഷനിൽ 10 കിലോമീറ്ററും വനമേഖലയിൽകൂടി ഒഴുകുന്നതിനാൽ, വനത്തിനു ചുറ്റുപാടും ജീവിക്കുന്ന ജനങ്ങൾക്ക് വനസംരക്ഷണത്തിന് ഒരു പ്രത്യേക താത്പര്യം ഉണ്ടാകുന്ന തരത്തിൽ തൊഴിലവസരങ്ങൾ നൽകി ഒരു ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 375/ഇ I/14/വനം തീയതി 3-12-2014)

വനത്തിന് ചുറ്റുപാടും ജീവിക്കുന്ന ജനങ്ങൾക്ക് വനസംരക്ഷണത്തിന് പ്രത്യേക താൽപ്പര്യം വളർത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നിർദ്ദേശാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ എറണാകുളം സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഏകോപിപ്പിക്കുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 33 (ഖണ്ഡിക 97)

മണൽവാരൽ വനപ്രദേശങ്ങളിലും വ്യാപിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ പെരിയാറിലൂടെയും അതിന്റെ ശാഖകളിലൂടെയും അനധികൃതമായി മണൽ കടത്തുന്നതിനുള്ള എല്ലാ പഴുതുകളും അടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 375/ഇ I/14/വനം തീയതി 3-12-2014)

വനപ്രദേശങ്ങളിലെ മണൽ ശേഖരിക്കുന്നതിനും കടത്തുന്നതിനുമുള്ള എല്ലാ പഴുതുകളും അടയ്ക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ടെറിട്ടോറിയൽ ഡിവിഷനുകളിൽ നിന്നും സ്വീകരിച്ചുവരുന്നുണ്ട്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 34 (ഖണ്ഡിക 98)

പെരിയാറിന്റെ വൃഷ്ടി പ്രദേശങ്ങളിലും നീർമറി പ്രദേശങ്ങളിലും വനനശീകരണം നടന്നിട്ടുള്ളതിനാൽ ആ കുറവ് പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെയുള്ള നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം അനുസരിച്ച് വനം വച്ചുപിടിപ്പിക്കൽ ഊർജ്ജിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 375/ഇ 1/14/വനം തീയതി 3-12-2014)

വനനശീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി NAP അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂവപ്പടി, വെങ്ങൂർ, പിണ്ടിമന, നീലേശ്വരം, കീരംപാറ എന്നീ പ്രദേശങ്ങളെ പെരുമ്പാവൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചും ചെങ്കമനാട്, ഇല്ലൂർ, കുറുമാളൂർ, കുന്നുകര എന്നീ പ്രദേശങ്ങളിൽ എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശത്തിലും മുളംതൈകൾ നട്ടുപരിപാലിച്ചുവരുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 35 (ഖണ്ഡിക 99)

മണ്ണൊലിപ്പ് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ പെരിയാറിന്റെ ഇരുവശത്തും ജലലഭ്യതയ്ക്ക് സഹായിക്കുന്നതും പെട്ടെന്ന് വളരുന്ന തരത്തിലുള്ള മുളന്തൈകൾ മഴക്കാലത്ത് വച്ചുപിടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മണ്ണിന്റെ പ്രത്യേകതയനുസരിച്ച്, മുള വളരാത്ത സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കണമെന്നും അങ്ങനെ പെരിയാറിലേക്ക് പെട്ടെന്നുള്ള കടന്നുകയറ്റവും മണ്ണൊലിപ്പും തടയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 375/ഇ 1/14/വനം തീയതി 3-12-2014)

മണ്ണൊലിപ്പ് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും അവ സംരക്ഷിക്കുകയും ചെയ്തുവരുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 36 (ഖണ്ഡിക 100)

പെരിയാറിന്റെ കരയിൽ പ്രവർത്തിക്കുന്ന വ്യവസായശാലകളെക്കൊണ്ട് അവയ്ക്ക് സമീപമുള്ള നദീതീരത്ത് വൃക്ഷത്തൈകൾ വയ്ക്കുന്നതും അവ പരിപാലിക്കുന്നതും സ്പോൺസർ ചെയ്യിക്കുന്നതിനുള്ള ഒരു പദ്ധതി അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 375/ഇ 1/14/വനം തീയതി 3-12-2014)

പെരിയാറിന്റെ തീരത്തുള്ള വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 37 (ഖണ്ഡിക 111)

പെരിയാറിൽ വ്യാപകമായി നടക്കുന്ന അനധികൃത മണൽവാരൽ തടയുന്നതിനായി റവന്യൂ-പോലീസ് ഉദ്യോഗസ്ഥന്മാരടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിക്കുവാൻ സർക്കാർ മുൻകൈയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആഭ്യന്തര (ജെ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20452/ജെ3/08/ആഭ്യന്തരം തീയതി 14-6-2011)

പെരിയാറിൽ വ്യാപകമായി നടക്കുന്ന അനധികൃത മണൽവാരൽ തടയുന്നതിനായി എറണാകുളം ജില്ലാ പോലീസ് മേധാവിയും റവന്യൂ ഉദ്യോഗസ്ഥരും ചേർന്നു പ്രത്യേകം യോഗം വിളിച്ചുചേർത്തിട്ടുള്ളതും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ബോട്ട് പട്രോളിംഗ് ഉൾപ്പെടെ നിരന്തരമായി റെയ്ഡുകൾ സംഘടിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. അനധികൃത മണൽവാരൽ തടയുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതുമാണ്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 38 (ഖണ്ഡിക 112)

ആലുവാ റൂറൽ എസ്.പി.യെയും റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിച്ച് പെരിയാറിൽ നിന്നുള്ള മണൽവാരൽ നിയന്ത്രിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആഭ്യന്തര (ജെ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20452/ജെ3/08/ആഭ്യന്തരം തീയതി 14-6-2011)

പെരിയാറിൽ വ്യാപകമായി നടക്കുന്ന അനധികൃത മണൽവാരൽ തടയുന്നതിനായി എറണാകുളം ജില്ലാ പോലീസ് മേധാവിയും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന പ്രത്യേകം യോഗം വിളിച്ചുചേർത്തിട്ടുള്ളതും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ബോട്ട് പട്രോളിംഗ് ഉൾപ്പെടെ നിരന്തരമായി റെയ്ഡുകൾ സംഘടിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. അനധികൃത മണൽ വാരൽ തടയുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതുമാണ്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 39 (ഖണ്ഡിക 113)</u>

വ്യവസായ മലിനീകരണം ക്രിമിനൽ പ്രോസിക്യൂഷന് വിധേയമാക്കണമെന്നും ജലമലിനീകരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക കുറ്റകൃത്യങ്ങൾ തടയുവാനായി "എൻവയോൺമെന്റൽ പോലീസിംഗ് " എന്ന വിഭാഗം പോലീസ് വകുപ്പിൽ രൂപീകരിക്കണമെന്നും പൊതുജനങ്ങൾക്ക് അതിന്റെ പ്രവർത്തനം സംബന്ധിച്ച് ബോധവൽക്കരണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആഭ്യന്തര (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20383/ഇ 1/08/ആഭ്യന്തരം തീയതി 4-4-2009)

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന "ജനമൈത്രി സുരക്ഷാ പ്രോജക്ട്" എന്ന കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന് പരിസ്ഥിതി മലിനീകരണം തടയലും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയുമാണ്. പ്രസ്തുത പദ്ധതി പ്രകാരം ഇതിനുവേണ്ടി പരിസ്ഥിതി സംരക്ഷണ സമിതി എന്നൊരു സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ "എൻവയോൺമെന്റൽ പോലീസിംഗ്" എന്നൊരു പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 40 (ഖണ്ഡിക 115)

ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി ഏലൂർ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള റിംഗ് റോഡ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സേവ് പെരിയാർ കർമ്മ പദ്ധതിയുടെ ആശയ വിഭാവനത്തിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിംഗ് റോഡ് നിർമ്മാണം ഏറ്റെടുത്ത് അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 28980/ജി2/07/പൊ.മ.വ. തീയതി 3-3-2012)

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിലെ ഓടകളിലൂടെ ഒഴുകിവരുന്ന മലിനജലം പെരിയാറിൽ പതിക്കുന്നില്ലെന്നും ഏലൂർ റിംഗ് റോഡിന്റെ നിർമ്മാണം ഈ വകുപ്പിന്റെ അധീനതയിലല്ലെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിസ്ഥിതി സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും ഇതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ അഭ്യർത്ഥിക്കാവുന്നതാണ്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 41 ( ഖണ്ഡിക 116)

പൊതുമരാമത്ത് റോഡുകളുടെ വശത്തുള്ള ഓടകളിലൂടെ ഒഴുകിവരുന്ന നഗരമാലിന്യവും മലിനജലവും പെരിയാറിൽ പതിക്കാതെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8948/ജി2/08/പൊ.മ.വ. തീയതി 3-3-2012)

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിലെ ഓടകളിലൂടെ ഒഴുകിവരുന്ന മലിനജലം പെരിയാറിൽ പതിക്കുന്നില്ലെന്നും ഏലൂർ റിംഗ് റോഡിന്റെ നിർമ്മാണം ഈ വകുപ്പിന്റെ അധീനതയിലല്ലെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിസ്ഥിതി സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും ഇതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ അഭ്യർത്ഥിക്കാവുന്നതാണ്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 42 ( ഖണ്ഡിക 127)

പെരിയാർതീരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കരിങ്കൽ ഭിത്തി കെട്ടേണ്ട ഭാഗത്ത് അത് കെട്ടണമെന്നും ബാക്കി ഭാഗങ്ങളിൽ മുള, കൈത, കണ്ടൽക്കാടുകൾ എന്നിവ റവന്യൂ, വനം-വന്യജീവി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വച്ചുപിടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 26897/ഐ.ആർ3/07/ജവിവ. തീയതി 9-8-2012)

പെരിയാർതീരം സംരക്ഷിക്കുന്നതിനുള്ള ശിപാർശകൾ നടപ്പിലാക്കുന്നിനായി ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 43 (ഖണ്ഡിക 128)

പെരിയാറിലെ സ്വാഭാവിക ഒഴുക്കും ജലനിരപ്പും നിലനിർത്തുന്നതിനായി പ്രഭവ സ്ഥാനത്ത് തടയണയും ആവശ്യമുള്ളയിടങ്ങളിൽ ചെക്ക് ഡാമുകളും നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 26897/ഐ.ആർ3/07/ജവിവ. തീയതി 9-8-2012)

ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനായി ഫണ്ട് ലഭ്യതയും പ്രായോഗികതയും കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതാണ്. 2011-12 ബഡ്ജറ്റിൽ തടയണകളുടെ നിർമ്മാണത്തിനായി 50 കോടി രൂപയും നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി തടയണ നിർമ്മാണത്തിനായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 44 (ഖണ്ഡിക 129)

അങ്ങേയറ്റം മലിനീകൃതമായിരിക്കുന്ന കഴിക്കണ്ടം തോട് മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 26897/ഐ.ആർ3/07/ജവിവ. തീയതി 9-8-2012)

കഴിക്കണ്ടം തോടിന്റെ പുനരുജ്ജീവനത്തിനായി ജർമ്മൻ സാങ്കേതിക സഹായ ഏജൻസിയുടെ സഹായത്തോടെ ഒരു പ്രാഥമിക പഠനം നടത്തുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം നിയോഗിച്ച കൺസൽട്ടന്റ് രൂപരേഖ സമർപ്പിച്ചു. ഇത് അംഗീകാരത്തിനും സാമ്പത്തികസഹായത്തിനുമായി പ്ലാനിംഗ് കമ്മീഷനിൽ സമർപ്പിക്കാൻ പരിസ്ഥിതി വകുപ്പുവഴി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 45 (ഖണ്ഡിക 134)</u>

ആലുവയിലും പരിസരപ്രദേശങ്ങളിലും ശുദ്ധജല വിതരണത്തിനായി നിലവിലുള്ള പഴയ പൈപ്പ്ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും വാട്ടർ അതോറിറ്റി നടപടി എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16422/സി1/08/ജവിവ. തീയതി 15-7-2010)

ആലുവയിലും പരിസരപ്രദേശങ്ങളിലും ശുദ്ധജലവിതരണത്തിനുള്ള പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഏകദേശം 145 ലക്ഷം രൂപയുടെ പദ്ധതി എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 46 ( ഖണ്ഡിക 135)</u>

ഏലൂർ പഞ്ചായത്തിലെ ചില വാർഡുകളിൽ വ്യവസായശാലകളുടെ സഹകരണത്തോടെ കുടിവെള്ളം എത്തിക്കുന്നതിലേക്കായി 113.75 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്ന് മലിനീകരണനിയന്ത്രണ ബോർഡ് സമിതിയെ അറിയിച്ചിരുന്നു. എത്രയും പെട്ടെന്ന് മേൽപ്പറഞ്ഞ നടപടി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16422/സി1/08/ജവിവ. തീയതി 15-7-2010)

ഏലൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായശാലകളുടെ സഹകരണത്തോടെ കുടിവെള്ളം എത്തിക്കുന്നതിലേക്കായി ഡെപ്പോസിറ്റ് ആയി ലഭിച്ച 113.75 ലക്ഷം രൂപയുടെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന എല്ലാ പണികളും പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 47 (ഖണ്ഡിക 136)</u>

സ്വീവറേജ് ലൈനും കുടിവെള്ള പൈപ്പുകളും അടുത്തടുത്ത് സ്ഥിതിചെയ്യുന്നതിനാലും കുടിവെള്ള പൈപ്പ്ലൈൻ പഴക്കമേറിയതിനാലും സ്വീവറേജ് ലൈനിൽ നിന്നുള്ള മലിനജലം കുടിവെള്ളം ഒഴുകുന്ന പൈപ്പ്ലൈനിൽ കൂടിക്കലരാനുള്ള സാദ്ധ്യത വളരെ കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ജലവിതരണ പൈപ്പുകളിൽ മലിനജലം കയറുന്നത് ഒഴിവാക്കുന്നതിനായി നൂതന സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16422/സി1/08/ജവിവ. തീയതി 15-7-2010)

കൊച്ചി നഗരത്തിലെ പഴക്കമേറിയ കുടിവെള്ള പൈപ്പുകൾ സ്വീവറേജ് ലൈനിനടുത്ത് സ്ഥിതിചെയ്യുന്നതിനാൽ മലിനജലം ശുദ്ധജലവുമായി കലരുവാനുള്ള സാദ്ധ്യത മനസ്സിലാക്കി കൊച്ചി കോർപ്പറേഷന്റെ ധനസഹായത്തോടെയും (ഡെപ്പോസിറ്റ് വർക്ക്) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തിയും പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചുവരുന്നു.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 48 (ഖണ്ഡിക 137)</u>

മെർക്കം, എച്ച്.ഐ.എൽ., ഐ.ആർ.ഇ., എഫ്.എ.സി.റ്റി. തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി അനേകം കുടുംബങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമായിട്ടുണ്ട്. ആയതിനാൽ ഈ കുടുംബങ്ങൾക്ക് പ്രതിദിനം ഗാർഹികാവശ്യങ്ങൾക്കായി കുടിവെള്ളം ഈ കമ്പനികളുടെ ചെലവിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16422/സി1/08/ജവിവ. തീയതി 15-7-2010)

മെർക്കം, എച്ച്.ഐ.എൽ., ഐ.ആർ.ഇ., എഫ്.എ.സി.റ്റി. തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളാണ് മേൽപരാമർശിച്ചിട്ടുള്ളത്. 113.75 ലക്ഷം രൂപയാണ് കുടിവെള്ളമെത്തിക്കുന്നതിലേക്കായി ജല അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. ഈ പദ്ധതികളുടെ എല്ലാ പണികളും പൂർത്തീകരിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(11-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 49 (ഖണ്ഡിക 143)

അണക്കെട്ടിലെ ചെളിയും എക്കലും തുറന്നുവിട്ടപ്പോൾ കഴിഞ്ഞ ശിവരാത്രികാലത്ത് ബന്ധപ്പെട്ടവരുടെ അശ്രദ്ധമൂലം കുടിവെള്ളം മുട്ടുകയും തീർത്ഥാടകർക്കും മറ്റ് ജനങ്ങൾക്കും കഷ്ടപ്പാടുണ്ടാകുകയും ചെയ്തതിനാൽ വൻപ്രതിഷേധം പൊതുജനങ്ങളുടെ ഭാഗത്തു നിന്നുമുണ്ടായി. ഇങ്ങനെയൊരു സ്ഥിതിവിശേഷം ഇനി ഒരുകാലത്തും ഉണ്ടാകാതിരിക്കാൻ കെ.എസ്.ഇ.ബി. ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പവർ (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9279/ബി2/07/പവ.തീയതി 22-4-2008)

ഡാം തുറന്നുവിടുന്നതുമൂലം നദിയിലെ ജലം മലിനമാകാതിരിക്കാൻ മഴക്കാലത്തു മാത്രം ഡാം ഡീ-സിൽറ്റ് ചെയ്യാനുള്ള തീരുമാനം വൈദ്യുതി ബോർഡ് എടുത്തിട്ടുണ്ട്. അതനുസരിച്ച് മഴക്കാലത്ത് നദികളിൽ ധാരാളം വെള്ളം ഉള്ളപ്പോൾ മാത്രം ചെറിയതോതിൽ പല അവസരങ്ങളിലായാണ് അണക്കെട്ടിലെ എക്കൽ തുറന്നുവിടുന്നത്. ഈ വർഷം ജനുവരി മാസം 2 മുതൽ 13- ാം തീയതി വരെ നേര്യമംഗലം എക്സ്റ്റെൻഷൻ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചപ്പോൾ കല്ലാർകുട്ടി ഡാം വറ്റിക്കാതെ ഡാമിന്റെ എമർജൻസി ഗേറ്റ് റിപ്പയർ ചെയ്ത് ഉപയോഗിച്ച് പ്രവൃത്തികൾ നടത്തി. ഇതുമൂലം പെരിയാറിലേക്ക് ചെളിവെള്ളം തുറന്നുവിടേണ്ട സാഹചര്യം ഒഴിവാക്കി. പരിസ്ഥിതി സമിതിയുടെ ശിപാർശ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് കെ.എസ്.ഇ. ബോർഡ് ഈ ജോലികൾ ചെയ്തത്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 50 (ഖണ്ഡിക 144)

കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുള്ള പഠനത്തേയും വിദേശങ്ങളിലും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും നിലവിലുള്ള ഡാം ഡീ-സിൽറ്റേഷൻ സംബന്ധിച്ച നൂതന പദ്ധതികളേയുംപറ്റി കെ.എസ്.ഇ.ബി.യിലെ വിദഗ്ദ്ധൻമാർ വിശദമായി പഠിക്കണമെന്നും ഡാമുകൾ അപകടരഹിതമായി ഡീ-സിൽറ്റേഷൻ നടത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിക്ക് രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പവർ (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9279/ബി2/07/പവ. തീയതി 22-4-2008)

അണക്കെട്ടുകൾ ഡീ-സിൽറ്റേഷൻ നടത്തുന്നതിനുള്ള കാര്യക്ഷമവും പരിസ്ഥിതിക്ക് കോട്ടംവരാത്തതുമായ മാർഗ്ഗം ഇതുവരെയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിനായിവേണ്ട നടപടികൾ ബോർഡ് എടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഡാമുകൾ അപകടരഹിതമായും പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെയും ഡീ-സിൽറ്റേഷൻ നടത്തുന്നതിനുവേണ്ട നടപടികൾ വൈദ്യുത ബോർഡ് സ്വീകരിക്കുന്നതാണ്.

(5-8-2009-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

പരിസ്ഥിതി പ്രശ്നങ്ങളില്ലാതെ ഡാം ഡീ-സിൽറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി എന്ന് സമിതി ആരാഞ്ഞു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി

**ഊർജ്ജ (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8977/ബി2/09/ഊ.വ. തീയതി 26-8-2010)

കെ.എസ്.ഇ.ബി.യിലെ ചീഫ് എഞ്ചിനീയർ (സിവിൽ ഡാം സേഫ്റ്റി), ബോർഡിന്റെ കീഴിലുള്ള പ്രധാന ഡാമുകളിലെ സിൽറ്റ് നിക്ഷേപത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. എന്നാൽ അണക്കെട്ടുകളിൽ ഡീ-സിൽറ്റേഷൻ നടത്തുന്നതിനുള്ള കാര്യക്ഷമവും എന്നാൽ

പരിസ്ഥിതിക്കും വൃക്ഷലതാദികൾക്കും സമീപവാസികൾക്കും കോട്ടംവരാത്തതുമായ മാർഗ്ഗം ഉരുത്തിരിഞ്ഞു വന്നിട്ടില്ല. കെ.എസ്.ഇ.ബി.യുടെ വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഡാമുകളിലും റിസർവോയറുകളിലും ഡീ-സിൽറ്റേഷൻ നടത്തണമെങ്കിൽ വനം വകുപ്പിന്റേയും മറ്റ് വകുപ്പുകളുടേയും അനുവാദം ആവശ്യമാണ്. റിസർവോയറുകൾ സംരക്ഷണമേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ആഭ്യന്തര വകുപ്പിന്റെ അനുവാദം ആവശ്യമാണ്. കൂടാതെ റിസർവോയറുകളിൽ ഡാം ഫേസിനും ഇൻടേക്ക് സ്ട്രക്ചറിനും 500 മീറ്റർ പരിധിക്കുള്ളിൽ (സുരക്ഷാ കാരണങ്ങളാൽ) യാതൊരുവിധ പ്രവർത്തനവും അനുവദിക്കുന്നില്ല. കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള എല്ലാ ഡാമുകളും ജനറേറ്റിംഗ് സ്റ്റേഷനുകളുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ദിവസങ്ങളോളം പവർ ഹൗസിന്റെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവരും. കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഇറിഗേഷൻ വകുപ്പിന്റേയും ഇലക്ട്രിസിറ്റി ബോർഡിന്റേയും കീഴിലുള്ള ഡാം റിസർവോയറിലെ മണൽ ഖനനം നടത്തുന്നതിനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്തുവരുന്നു. ബോർഡും പ്രസ്തുത പദ്ധതിയിൽ ചേരാനും ഗവൺമെന്റ് തലത്തിൽ നടത്തുന്ന ശ്രമങ്ങൾക്ക് സഹകരിക്കാനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(31-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 51 (ഖണ്ഡിക 145)</u>

ഡാം ഡീ-സിൽറ്റ് ചെയ്യുകിട്ടുന്ന മണ്ണ് പെരിയാറിലേക്ക് ഒഴുക്കിവിടാതെ നിർമ്മാണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പവർ (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9279/ബി2/07/പവ. തീയതി 22-4-2008)

ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണ്ണ് ഉപാധികൾക്കനുസൃതമായി നീക്കം ചെയ്ത്, നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് സാധ്യതകൾ പരിശോധിക്കുന്നുണ്ട്. ഇതുമൂലം ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനും ബോർഡിന് സാമ്പത്തിക വരുമാനം സൃഷ്ടിക്കുവാനും എക്കൽ കലർന്ന ചെളിവെള്ളം നദിയിലേക്ക് തുറന്നുവിടുന്നതുമൂലമുണ്ടാകുന്ന മലിനീകരണം ഒഴിവാക്കുവാനും സാധിക്കും. ഇതിനായുള്ള നടപടികൾ ബോർഡിന്റെ പരിഗണനയിലാണ്.

(5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 52 (ഖണ്ഡിക 146)

വ്യവസായശാലകളിൽ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകം എനർജി മീറ്റർ സ്ഥാപിക്കുകയും ആയതിനുള്ള വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാൻ തയ്യാറാകുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പവർ (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 9279/ബി2/07/പ.വ. തീയതി 22-4-2008)

കെ.എസ്.ഇ.ബി.യും വ്യവസായ സ്ഥാപനങ്ങളും തമ്മിലുള്ള ഉടമ്പടിയനുസരിച്ചും നിലവിലുള്ള താരിഫ്, ബില്ലിംഗ് നിയമങ്ങളനുസരിച്ചും വെളിച്ചത്തിനുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി അളക്കുന്നതിനായി മാത്രമേ സബ്മീറ്ററിംഗ് ചെയ്യണമെന്ന് അനുശാസിക്കുവാൻ ബോർഡിന് നിർവ്വാഹമുള്ളൂ. മലിനീകരണനിയന്ത്രണ യന്ത്രങ്ങൾ വൈദ്യുതി കൂടാതെയും പ്രവർത്തിക്കുമെന്നുള്ളതിനാൽ സബ്മീറ്ററിംഗ് ഒന്നുകൊണ്ടുമാത്രം ഉദ്ദേശിച്ച അളവിലുള്ള മലിനീകരണനിയന്ത്രണം ലഭിച്ചിട്ടുണ്ടോ എന്ന് തീർച്ചപ്പെടുത്തുവാൻ സാധിക്കുകയില്ല. സബ്മീറ്ററിംഗ് നടത്തുന്നതിനുവരുന്ന അധികച്ചെലവുകൾ വഹിക്കുവാൻ ബോർഡിന് കഴിയുകയില്ല. ഈ സംവിധാനം നടപ്പിലാക്കുവാൻ പൊല്യൂഷ്യൻ കൺട്രോൾ ബോർഡ് താൽപ്പര്യപ്പെടുന്നുവെങ്കിൽ ഓവർഹെഡ് ചാർജ്ജും ഡിപ്പാർട്ട്മെന്റൽ ചാർജ്ജും ഉൾപ്പെടുന്ന മുഴുവൻ ചെലവും വൈദ്യുതി ബോർഡിൽ മുൻകൂറായി അടയ്ക്കാൻ ഉപഭോക്താവിനെ പ്രേരിപ്പിക്കേണ്ടതാണ്. ഉപഭോക്താക്കൾ സബ്മീറ്ററുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനാവശ്യമായ നിയമനിർമ്മാണവും പരിശോധനാ സംവിധാനങ്ങളും നടപ്പിലാക്കുകയും വേണം. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം സബ്മീറ്ററുകൾ സ്ഥാപിക്കണമെന്ന് ഉപഭോക്താക്കളെ അനുശാസിക്കുവാൻ വൈദ്യുതി ബോർഡിന് അധികാരമില്ല എന്നറിയിക്കുന്നു.

(5-8-2009-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

ഹസാർഡ്സ് ഇൻഡസ്ട്രീസിൽ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾക്ക് പ്രത്യേക എനർജി മീറ്റർ നിഷ്കർഷിക്കുവാൻ മലിനീകരണനിയന്ത്രണ ബോർഡിന് സാധിക്കുമോ എന്ന് സമിതി ആരാഞ്ഞു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി</u>

## ഊർജ്ജ (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 8977/ബി2/09/ഊ.വ. തീയതി 26-8-2010)

വ്യവസായങ്ങൾ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നു വെന്നുറപ്പിക്കാൻ എനർജി മീറ്റർ ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്നും അത് സ്ഥാപിക്കണമെന്നും മലിനീകരണനിയന്ത്രണ ബോർഡ് നൽകുന്ന പ്രവർത്തനാനുമതി യിൽ നിഷ്കർഷിക്കുന്നു. ഉചിതമായ നിബന്ധനകളോടുകൂടി എനർജി മീറ്റർ സ്ഥാപിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ മലിനീകരണനിയന്ത്രണ ബോർഡ് നടപ്പിലാക്കുന്ന നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ എനർജി മീറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന ചെലവ് അതത് വ്യവസായങ്ങൾ തന്നെ വഹിക്കേണ്ടതുണ്ട് എന്ന് മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്യുന്നു. മലിനീകരണനിയന്ത്രണ സംവിധാനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുവേണ്ടി വ്യവസായ സ്ഥാപനങ്ങൾ അവരുടെ സ്വന്തം ചെലവിലും നിരീക്ഷണത്തിലും പ്രത്യേക എനർജി മീറ്റർ ഘടിപ്പിക്കുന്നതിന് വൈദ്യുതി ബോർഡിൽ നിലവിലുള്ള നിയമപ്രകാരം തടസ്സമൊന്നുമില്ല എന്നും ഇത്തരത്തിൽ സ്ഥാപിച്ചിട്ടുള്ള എനർജി മീറ്ററുകൾ പരിശോധിക്കുകയും വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പുവരുത്തണമെന്നും കെ.എസ്.ഇ.ബി. റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ, വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട വൈദ്യുതി ചാർജ്ജുകൾ നിശ്ചയിക്കുന്നത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള എൽ.റ്റി.ഫോർ (വ്യവസായം) വിഭാഗത്തിലുള്ള താരിഫ് നിരക്കുതന്നെ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ഈടാക്കുമെന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുള്ള ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

(31-10-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.